**15 -ാം കേരള നിയമസഭ**

**10 -ാം സമ്മേളനം**

**നക്ഷത്ര ചിഹ്നം ഇല്ലാത്ത ചോദ്യം നം. 1690** **02-02-2024 - ൽ മറുപടിയ്ക്ക്**

**നെല്ലിയാമ്പതി ഓറഞ്ച് ആന്റ് വെജിറ്റബിൾ ഫാം**

| ചോദ്യം | | ഉത്തരം | |
|---|---|---|---|
| ശ്രീ. കെ. ബാബു (നെന്മാറ) | | ശ്രീ. പി. പ്രസാദ്<br>(കൃഷി വകുപ്പ് മന്ത്രി) | |
| (എ) | നെന്മാറ നിയോജക മണ്ഡലത്തിലെ നെല്ലിയാമ്പതി ഓറഞ്ച് ആന്റ് വെജിറ്റബിൾ ഫാമിന്റെ വികസനത്തിനായി ഈ സർക്കാർ എന്തെല്ലാം പദ്ധതികളാണ് നടപ്പിലാക്കിയിട്ടുള്ളതെന്ന് വിശദമാക്കുമോ; | (എ) | നെല്ലിയാമ്പതി ഓറഞ്ച് ആൻഡ് വെജിറ്റബിൾ ഫാം, സംസ്ഥാന സർക്കാരിന്റെ ഫണ്ട് മാത്രം ഉപയോഗിച്ച് പ്രവർത്തിക്കുന്ന സ്പെഷ്യൽ ഫാം വിഭാഗത്തിൽ ഉൾപ്പെടുന്നു. ഫാമിന്റെ വികസനത്തിനായി 2021-22, 2022-23, 2023-24 എന്നീ വർഷങ്ങളിൽ പ്രധാനമായും രണ്ട് പദ്ധതികൾ നടപ്പിലാക്കിയിട്ടുണ്ട്.<br><br>**I. ഗുണമേന്മയുള്ള നടീൽ വസ്തുക്കളുടെ ഉല്പാദനവും വിപണനവും, പദ്ധതി**<br><br>ടി പദ്ധതി പ്രകാരം നടപ്പിലാക്കിയ പദ്ധതികളുടെ വിശദാംശം ചുവടെ ചേർക്കുന്നു.<br><br>1. ഗുണമേന്മയുള്ള വിത്ത്, നടീൽ വസ്തുക്കൾ എന്നിവയുടെ ഉല്പാദനവും, വിതരണവും.<br>2. കേരളഗ്രോ ബ്രാൻഡിൽ 10 മൂല്യ വർദ്ധിത ഉത്പ്പന്നങ്ങളുടെ ഓൺലൈൻ പ്ലാറ്റ്ഫോം വഴിയുള്ള വിപണനം സാധ്യമായിട്ടുണ്ട്.<br>3. അവൊക്കാഡോ, സപ്പോട്ട, ഡ്രാഗൺ ഫ്രൂട്ട്, കുരുമുളക് എന്നിവയുടെ പ്രോജനി ഓർച്ചാർഡുകൾ വികസിപ്പിച്ചിട്ടുണ്ട്.<br>4. ഫാം തരിശു രഹിതം ആക്കുന്നതിന്റെ ഭാഗമായി പാഷൻ ഫ്രൂട്ട് (10ha), ഓറഞ്ച് (2.5 ha) എന്നിവ റീ പ്ലാന്റ് ചെയ്യുന്നതിനും, പുതുതായി അശോകം, കറുകപ്പട്ട, വിവിധയിനം നാരകവർഗ്ഗങ്ങൾ എന്നിവയുടെ കൃഷി വ്യാപിപ്പിക്കുന്നതിനും, സൂക്ഷ്മ ജലസേചന പദ്ധതി നടപ്പിലാക്കുന്നതിനും സാധിച്ചിട്ടുണ്ട്.<br>5. ഹൈടെക് കൃഷി സമ്പ്രദായത്തിൽ സാലഡ് കുക്കുമ്പർ, തക്കാളി, ഓർക്കിഡ്, ആന്തൂറിയം, ഫോളിയേജ് പ്ലാന്റുകൾ, എന്നിവയുടെ കൃഷി ആരംഭിച്ചു. |

| | | | |
|---|---|---|---|
| | | | 6. പ്രിസിഷൻ ഫാമിങ് രീതിയിൽ ശീതകാല പച്ചക്കറി വിളകളുടെ കൃഷി ആരംഭിച്ചു.<br>7. ഫാമിലെ തനതു വിളകളുടെ മൂല്യ വർദ്ധിത ഉത്പന്നങ്ങളായ ജാതിക്ക സ്ക്വാഷ്, ജാതിക്ക അച്ചാർ, റംബൂട്ടാൻ സ്ക്വാഷ്, റംബൂട്ടാൻ അച്ചാർ, നെല്ലിക്ക-കാന്താരി സ്ക്വാഷ്, കുമ്പളങ്ങാ സ്ക്വാഷ് തുടങ്ങിയവയുടെയും ലിച്ചി, മത്തൻ, പാഷൻ ഫ്രൂട്ട്, ഓറഞ്ച്, പേരക്ക, പൈൻ ആപ്പിൾ, നെല്ലിക്ക തുടങ്ങിയവയുടെ റെഡി ടു ഡ്രിങ്ക് ബോട്ടിലുകളുടെയും ഉത്പാദനം ആരംഭിച്ചു.<br>8. ഫാം ടൂറിസത്തിനു കൂടുതൽ പ്രാധാന്യം നൽകുന്നതിന്റെ ഭാഗമായി ഫാം സൗന്ദര്യവത്കരണം കൂടുതൽ വിപുലമാക്കുന്നതിനും സാധിച്ചു. അവധി ദിവസങ്ങളിൽ നാലായിരത്തിൽ അധികം സന്ദർശകർ ഫാമിൽ എത്താറുണ്ട്.<br>9. ഫാമിന്റെ സുരക്ഷയ്ക്കായി CCTV ക്യാമറകൾ സ്ഥാപിച്ചു.<br><br>**II. പഴങ്ങൾ, പൂക്കൾ, ഔഷധ സസ്യങ്ങൾ എന്നിവയുടെ വികസനം പദ്ധതി**<br><br>പഴങ്ങൾ, പൂക്കൾ, ഔഷധ സസ്യങ്ങൾ എന്നിവയുടെ വികസനം എന്ന പദ്ധതി പ്രകാരം ഫാമിലെ പോളി ഹൗസുകളിലെയും സൂക്ഷ്മ ജലസേചന സംവിധാനം പ്രവർത്തനക്ഷമമാക്കുന്നതിനും, 'ഡ്രാഗൺ ഫ്രൂട്ട് ഓർച്ചാഡ്' കൂടുതൽ വിസ്തൃതിയിലേയ്ക്ക് വ്യാപിപ്പിക്കുന്നതിനും സാധിച്ചിട്ടുണ്ട്. |
| (ബി) | പ്രസ്തുത വികസന പ്രവർത്തനങ്ങൾക്കായി എത്ര തുകയാണ് അനുവദിച്ചിട്ടുള്ളതെന്നും വിശദമാക്കുമോ? | (ബി) | ഗുണമേന്മയുള്ള നടീൽ വസ്തുക്കളുടെ ഉല്പാദനവും വിപണനവും പദ്ധതിക്കായി 2021-22 വർഷം 32,68,212/- രൂപയും [മുപ്പത്തി രണ്ട് ലക്ഷത്തി അറുപത്തിയെണ്ണായിരത്തി ഇരുന്നൂറ്റി പന്ത്രണ്ട് രൂപ മാത്രം], 2022-23 വർഷം 44,26,459/- രൂപയും [നാൽപ്പത്തിനാല് ലക്ഷത്തി ഇരുപത്തിയാറായിരത്തി നാന്നൂറ്റി അൻപത്തിയൊമ്പത് രൂപ മാത്രം], 2023-24 വർഷം 49,02,892/- രൂപയും [നാൽപ്പത്തിയൊമ്പത് ലക്ഷത്തി രണ്ടായിരത്തി എണ്ണൂറ്റി തൊണ്ണൂറ്റി രണ്ട് രൂപ മാത്രം] അനുവദിച്ചിട്ടുണ്ട്. പഴങ്ങൾ, പൂക്കൾ, ഔഷധ സസ്യങ്ങൾ എന്നിവയുടെ വികസനം എന്ന പദ്ധതിക്കായി 2022-23 വർഷം 12,50,000/- രൂപയും [പന്ത്രണ്ട് ലക്ഷത്തി അൻപതിനായിരം രൂപ മാത്രം] അനുവദിച്ചിട്ടുണ്ട്. |

സെക്ഷൻ ഓഫീസർ